"ഭരണഭാഷ - മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരളസംസ്ഥാനം)

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

(നിലവിൽ: ഹസീന പി.എസ്)

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - – ലാസ്റ്റ് ഗ്രേഡ്/സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് എൽ.ഡി ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന 10% ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നത് - **കണ്ണൂർ ജില്ലയിലെ** അർഹതപ്പെട്ട ജീവനക്കാരന് **ക്ലാർക്ക് തസ്തികയിൽ** നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1)സർക്കാർ ഉത്തരവ് (പി) നമ്പർ 1/2014/ഉ.ഭ.പ.വ തീയതി 3.1.2014.

2)സർക്കാർ ഉത്തരവ് (പി) നമ്പർ 21/2014/ഉ.ഭ.പ.വ തീയതി 19.07.2014.

3)അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 24.02.2015-ലെ എ 3/5086/14-ാം നമ്പർ നടപടിക്രമം.

4)അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 28.07.2015-ലെ എ 3/5086/14-ാം നമ്പർ നടപടിക്രമം

5)അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 9.10.2015, 3.12.2015 എന്നീ തീയതികളിലെ എ 3/5086/14-ാം നമ്പർ നടപടിക്രമം.

6)17.02.2021 തീയതിയിലെ DT/2859/2020-A3(1) നമ്പരായ ഉത്തരവ് .

7)28.11.2020 തീയതിയിലെ കണ്ണൂർ ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ ബി 5 / 1906/2020 നമ്പരായ കത്ത്.

**ഉത്തരവ് നമ്പർ: DT/2859/2020-A3(1)തീയതി:26/02/2021**

എൽ.ഡി.ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലേയ്ക്ക് ലാസ്റ്റ് ഗ്രേഡ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ നിയമനം നൽകുവാൻ പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതേ തുടർന്ന് പരാമർശം (2) പ്രകാരം സർക്കാർ പുറപ്പെടുവിച്ച സ്പഷ്ടീകരണ ഉത്തരവിൽ എൽ.ഡി ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലെ കേഡർ സ്ട്രെംഗ്ത് നിജപ്പെടുത്തുവാനും എൻടി കേഡറിലെ ജില്ലാതല സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുവാനും കേഡർ സ്ട്രെംഗ്തിന്റെ 10%-ൽ എത്തുന്നത് വരെ നിയമനം തുടരുന്നതിനും തുടർന്ന് 10%-ൽ ടി നിയമനങ്ങൾ നിജപ്പെടുത്തുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്.

പരാമർശം(3)-ലെ ഉത്തരവ് പ്രകാരം വകുപ്പിലെ എൽ.ഡി ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ ജില്ലാതല കേഡർ സ്ട്രെംഗ്ത് നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (4) & (5) പ്രകാരം 10% തസ്തികമാറ്റത്തിന് അർഹരായ ലാസ്റ്റ് ഗ്രേഡ്/സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പരാമർശം (5) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ കണ്ണൂർ ജില്ലയിലെ ലിസ്റ്റിൽ ,ഉൾപ്പെട്ട ശ്രീമതി.സുബൈദ പി ,ക്രമ നം 10-നാണ് അവസാനമായി ക്ലാർക്ക് തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ നിയമനം നൽകിയിട്ടുള്ളത് .എന്നാൽ ടി പ്രൊമോഷൻ പരിത്യജിക്കുവാൻ ടിയാൻ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം ശ്രീമതി.സുബൈദ പി -ക്ക് പ്രസ്തുത പ്രൊമോഷൻ പരിത്യജിക്കുന്നതിനുള്ള

ടിയാന്റെ അപേക്ഷ അനുവദിച്ച ഉത്തരവായിട്ടുണ്ട് . ആയതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ അനുപാതം നിലനിർത്തുന്നതിനായി ടി ഒഴിവ് ക്രമപ്പെടുത്തേണ്ടതായിട്ടുണ്ട്. ക്രമ നം (11) അനൂപ് കെ.വി ,ക്രമ നം.12 രാജേഷ് റ്റി ,ക്രമ നാം.15 ഹരിനാരായണൻ റ്റി.വി എന്നിവർക്ക് ക്ലാസ്സ് III തസ്തികയായ എൽ.ഡി സ്റ്റോർ കീപ്പർ തസ്തികകളിലേക്ക് പ്രൊമോഷൻ ലഭിച്ചിട്ടുണ്ട് ,.ക്രമ നം.13 സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ട് ക്രമ നം 14 സുമേഷ് പി-ക്ക് പ്രൊമോഷന് വിസമ്മതം ഉള്ളതായ വിവരം സീനിയോറിറ്റി ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്രമ നം 16 തോമസ് കുട്ടി മാത്യൂ പരാമർശം7 പ്രകാരം പ്രൊമോഷന് വിസമ്മതമുള്ളതായി രേഖാമൂലം അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കണ്ണൂർ ഐ.ടി.ഐ യിലെ സ്റ്റോർ അറ്റൻഡർ ശ്രീ.വിനോദ് പി.വി (ക്രമ നം.17) 19000-43600 രൂപ ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് KS&SSR Rule 31 (a) (1) പ്രകാരം താൽക്കാലികമായി തസ്തികമാറ്റം നൽകി കണ്ണൂർ ജില്ലയിലെ താഴെപ്പറയുന്ന സ്ഥാപനത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം. | പേര്, തസ്തിക | നിലവിൽ സേവനത്തിലുള്ള സ്ഥാപനം | തസ്തികമാറ്റം നൽകി നിയമിയ്ക്കുന്ന സ്ഥാപനം |
|---|---|---|---|---|
| 1 | 17 | ശ്രീ.വിനോദ് പി.വി, സ്റ്റോർ അറ്റൻഡർ | ഐ.ടി.ഐ കണ്ണൂർ | ഐ.ടി.ഐ കണ്ണൂർ |

തസ്തികമാറ്റം ലഭിച്ച ഉദ്യോഗസ്ഥൻ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ബന്ധപ്പെട്ട സ്ഥാപനമേധാവി മുമ്പാകെ സേവനത്തിന് ഹാജരാകേണ്ടതാണ്.അല്ലാത്തപക്ഷം ടി നിയമനം റദ്ദായതായി കണക്കാക്കുന്നതാണ്. പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 03 വർഷ കാലയളവിൽ 2 വർഷം പ്രൊബേഷൻ കാലയളവായിരിക്കും. പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തിയാക്കേണ്ടതും ടി കാലയളവിനുള്ളിൽ എം.ഒ.പി പരീക്ഷ വിജയിച്ചിരിക്കേണ്ടതുമാണ്.

ഒപ്പ്/-
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

**സ്വീകർത്താവ് :**
ശ്രീ.വിനോദ് പി.വി , സ്റ്റോർ അറ്റൻഡർ,ഐ.ടി.ഐ കണ്ണൂർ
(സ്ഥാപന മേധാവി മുഖേന )
**പകർപ്പ് :**
പ്രിൻസിപ്പാൾ ഐ.ടി.ഐ കണ്ണൂർ

//ഉത്തരവിൻ പ്രകാരം //
Reji
സീനിയർ സൂപ്രണ്ട്

**'ഭരണഭാഷ – മാതൃഭാഷ'**
**വ്യാവസായിക പരിശീലനവകുപ്പ്**
**(കേരളസംസ്ഥാനം)**
**<u>അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>**
(നിലവിൽ: ഹസീന പി.എസ്)

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് – ജീവനക്കാര്യം – – ലാസ്റ്റ് ഗ്രേഡ്/സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് എൽ.ഡി ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന 10% ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നത് – **തിരുവനന്തപുരം ജില്ലയിലെ** അർഹതപ്പെട്ട ജീവനക്കാരന് **ക്ലാർക്ക് തസ്തികയിൽ** നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1)സർക്കാർ ഉത്തരവ് (പി) നമ്പർ 1/2014/ഉ.ഭ.പ.വ തീയതി 3.1.2014.
2)സർക്കാർ ഉത്തരവ് (പി) നമ്പർ 21/2014/ഉ.ഭ.പ.വ തീയതി 19.07.2014.
3)അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 24.02.2015-ലെ എ 3/5086/14-ാം നമ്പർ നടപടിക്രമം.
4)അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 28.07.2015-ലെ എ 3/5086/14-ാം നമ്പർ നടപടിക്രമം.
5)അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 9.10.2015, 3.12.2015 എന്നീ തീയതികളിലെ എ 3/5086/14-ാം നമ്പർ നടപടിക്രമം.
6)17.02.2021 തീയതിയിലെ DT/2859/2020-A3(2) നമ്പരായ ഉത്തരവ് .
7)ആറ്റിങ്ങൽ ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ 18.01.2021 തീയതിയിലെ ITI-ATL/18/2021-A1 നമ്പരായ കത്ത്.

**<u>ഉത്തരവ് നമ്പർ: DT/2859/2020-A3(1 )തീയതി: 26/02/2021</u>**

എൽ.ഡി.ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ലേയ്ക്ക് ലാസ്റ്റ് ഗ്രേഡ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ നിയമനം നൽകുവാൻ പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതേ തുടർന്ന് പരാമർശം (2) പ്രകാരം സർക്കാർ പുറപ്പെടുവിച്ച സ്പഷ്ടീകരണ ഉത്തരവിൽ എൽ.ഡി ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലെ കേഡർ സ്ട്രെംഗ്ത് നിജപ്പെടുത്തുവാനും എൻട്രി കേഡറിലെ ജില്ലാതല സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുവാനും കേഡർ സ്ട്രെംഗ്തിന്റെ 10%-ൽ എത്തുന്നത് വരെ നിയമനം തുടരുന്നതിനും തുടർന്ന് 10%-ൽ ടി നിയമനങ്ങൾ നിജപ്പെടുത്തുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്.

പരാമർശം(3)-ലെ ഉത്തരവ് പ്രകാരം വകുപ്പിലെ എൽ .ഡി ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളുടെ ജില്ലാതല കേഡർ സ്ട്രെംഗ്ത് നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (4) & (5) പ്രകാരം 10% തസ്തികമാറ്റത്തിന് അർഹരായ ലാസ്റ്റ് ഗ്രേഡ്/സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പരാമർശം (5) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ തിരുവനന്തപുരം ജില്ലയിലെ ലിസ്റ്റിൽ ,ഉൾപ്പെട്ട ശ്രീ.വിജയകുമാർ കെ ,ക്രമ നം 22-നാണ് അവസാനമായി ക്ലാർക്ക്

തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ നിയമനം നൽകിയിട്ടുള്ളത് .എന്നാൽ ടി പ്രൊമോഷൻ പരിത്യജിക്കുവാൻ ടിയാൻ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം ശ്രീ.വിജയകുമാർ കെ -ക്ക് പ്രസ്തുത പ്രൊമോഷൻ പരിത്യജിക്കുന്നതിനുള്ള ടിയാന്റെ അപേക്ഷ അനുവദിച്ച് ഉത്തരവായിട്ടുണ്ട് . ആയതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ അനുപാതം നിലനിർത്തുന്നതിനായി ടി ഒഴിവ് ക്രമപ്പെടുത്തേണ്ടതായിട്ടുണ്ട്. ക്രമ നം (23) സണ്ണി ജോൺ ,ക്രമ നം.24 രേണുക ജി ,ക്രമ നം.25 രഞ്ജിത്.ആർ.എസ് .ക്രമ നം.26 അരുൺ കുമാർ വി എസ് ,ക്രമ നം 27 പ്രവീൺ കുമാർ കെ ,ക്രമ നം.29 സി ഷാജി എന്നീ ജീവനക്കാർ ക്ലാർക്ക് തസ്തികയുടെ ഉയർന്ന തസ്തികകളായ ജൂനിയർ ഇൻസ്ട്രക്ടർ /സീനിയർ ഇൻസ്ട്രക്ടർ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്.ക്രമ നം .28 സുനീഷ് പി എൽ പരാമർശം7 പ്രകാരം പ്രൊമോഷന് വിസമ്മതമുള്ളതായി രേഖാമൂലം അറിയിച്ചിട്ടുണ്ട്.ക്രമ നം.30 അനിയൻ കുഞ്ഞ് ,ക്രമ നം .31 അജി കെ എന്നിവർക്ക് പ്രൊമോഷന് വിസമ്മതം ഉള്ളതായ വിവരം സീനിയോറിറ്റി ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ധനുവച്ചപുരം ഐ.ടി.ഐ യിലെ സ്റ്റോർ അറ്റൻഡർ ശ്രീ.ഗോപകുമാർ എ (ക്രമ നം.32) 19000-43600 രൂപ ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് KS&SSR Rule 31 (a) (1) പ്രകാരം താൽക്കാലികമായി തസ്തികമാറ്റം നൽകി തിരുവനന്തപുരം ജില്ലയിലെ താഴെപ്പറയുന്ന സ്ഥാപനത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം. | പേര്, തസ്തിക | നിലവിൽ സേവനത്തിലുള്ള സ്ഥാപനം | തസ്തികമാറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|---|
| 1 | 32 | ശ്രീ.ഗോപകുമാർ എ സ്റ്റോർ അറ്റൻഡർ | ഐ.ടി.ഐ ധനുവച്ചപുരം | ഐ.ടി.ഐ ധനുവച്ചപുരം |

തസ്തികമാറ്റം ലഭിച്ച ഉദ്യോഗസ്ഥൻ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ബന്ധപ്പെട്ട സ്ഥാപനമേധാവി മുമ്പാകെ സേവനത്തിന് ഹാജരാകേണ്ടതാണ് . അല്ലാത്തപക്ഷം ടി നിയമനം റദ്ദായതായി കണക്കാക്കുന്നതാണ്. പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 03 വർഷ കാലയളവിൽ 2 വർഷം പ്രൊബേഷൻ കാലയളവായിരിക്കും. പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തിയാക്കേണ്ടതും ടി കാലയളവിനുള്ളിൽ എം.ഒ.പി പരീക്ഷ വിജയിച്ചിരിക്കേണ്ടതുമാണ്.

ഒപ്പ്/-

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

**<u>സ്വീകർത്താവ് :</u>**

ശ്രീ.ഗോപകുമാർ എ, സ്റ്റോർ അറ്റൻഡർ,ഐ.ടി.ഐ ധനുവച്ചപുരം
(സ്ഥാപന മേധാവി മുഖേന )

**<u>പകർപ്പ് :</u>**

പ്രിൻസിപ്പാൾ ഐ.ടി.ഐ ധനുവച്ചപുരം

//ഉത്തരവിൻ പ്രകാരം //